**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **19-12-2012-ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നമ്പർ.2695**

**തോട്ടം മേഖലയിലെ പ്രശ്നങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :<br>ശ്രീ.പി.ബി. അബ്ദുൾ റസാക്:<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തോട്ടം മേഖലയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) തോട്ടം മേഖലയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്ളാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച നടന്നുവരികയാണ്. |
| (ബി) തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാതിരിക്കാനായി തോട്ടം ഉടമകൾ തോട്ടം പൂട്ടിയിടുന്ന പ്രവണത തടയുവാൻ എന്ത് മുൻകരുതലുകൾ സ്വീകരിക്കാറുണ്ട്; വ്യക്തമാക്കുമോ ; | (ബി) ഏതെങ്കിലും തോട്ടം പൂട്ടിയിടുന്നതിനുള്ള ശ്രമം ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ടി പ്രശ്നത്തിൽ അടിയന്തിരമായി ഇടപെട്ട് അനുരഞ്ജന ചർച്ചകൾ നടത്തി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) സംസ്ഥാനത്ത് എത്ര തോട്ടങ്ങൾ ഇപ്പോൾ പൂട്ടിക്കിടപ്പുണ്ട്;<br>അവയിലാകെ എത്ര തൊഴിലാളികൾ തൊഴിൽരഹിതരായിട്ടുണ്ട്: വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ 10 തോട്ടങ്ങൾ പൂട്ടിക്കിടക്കുന്നു. അവയിലാകെ 1368 തൊഴിലാളികൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ